# 3rd Senior Officials Meeting of Arab-India Cooperation Forum

January 12, 2021

---

## അറബ് -ഇന്ത്യ കോപ്പറേഷൻ ഫോറം ഉന്നതതല ഉദ്യോഗസ്ഥരുടെ 3 മത് സമ്മേളനം

ജനുവരി 12, 2021

1. അറബ് -ഇന്ത്യ കോപ്പറേഷൻ ഫോറം ഉന്നതതല ഉദ്യോഗസ്ഥരുടെ 3 മത് സമ്മേളനം 2021 ജനുവരി 12 ന് വീഡിയോ കോൺഫറൻസിലൂടെ നടന്നു. സമ്മേളനത്തിൽ സെക്രട്ടറി (CPV & OIA), ശ്രീ സഞ്ജയ് ഭട്ടാചാര്യ, അറബ് സ്റ്റേറ്റ്സ് ലീഗിലേക്കുള്ള ഈജിപ്ത് സ്ഥിര പ്രതിനിധിയും ഉപവിദേശകാര്യ മന്ത്രിയുമായ മുഹമ്മദ് അബു അൽ-ഖേർ എന്നിവ അധ്യക്ഷത വഹിച്ചു. അറബ് സ്റ്റേറ്റ്സ് ലീഗിലേക്കുള്ള ഈജിപ്ത് സ്ഥിര പ്രതിനിധിയായ ഉപവിദേശകാര്യ മന്ത്രിയ്ക്കൊപ്പം അറബ് രാഷ്ട്രങ്ങൾ, ഇന്ത്യ കൂടാതെ അറബ് സ്റ്റേറ്റ്സ് ലീഗിന്റെ ജനറൽ സെക്രട്ടറിയേറ്റ് എന്നിവിടങ്ങളിൽ നിന്നുള്ള ഉന്നത ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

2. അറബ് രാജ്യങ്ങളും ഇന്ത്യയും തമ്മിൽ നിലനിൽക്കുന്ന ചരിത്രപരവും സാംസ്കാരികവുമായ ബന്ധങ്ങളെ ഉന്നതല്ല ഉദ്യോഗസ്ഥർ അനുസ്മരിച്ചു കൂടാതെ അവ ദൃഢപ്പെടുത്തുന്നതിനു ഇരു ഭാഗങ്ങളിൽ നിന്നുമുള്ള വ്യവസായികമായ ബന്ധങ്ങളുടെ സംഭാവനകളും അവർ അടിവരയിട്ടു സൂചിപ്പിച്ചു. ഇന്ത്യ -അറബ് സഹകരണത്തിന്റെ ശക്തമായ അടിത്തറ, മികച്ച സാധ്യതകൾ കൂടാതെ വിസ്തൃതമായ ഗുണപ്രതീക്ഷകൾ എന്നിവയെയും കൂടാതെ കാര്യക്ഷമമായ മേഖലകളിലേക്ക് ഇന്ത്യ -അറബ് സഹകരണത്തെ എത്തിക്കുന്നതിന് ഫോറം വഹിച്ച പങ്കിനെയും അവർ പ്രശംസിച്ചു.

3. പരസ്പര താല്പര്യങ്ങൾ സംരക്ഷിക്കുകയും പ്രാദേശികവും അന്തർദേശീയവുമായ സമാധാനവും സുരക്ഷിതത്വവും നിലനിർത്തുകയും ചെയ്യുന്ന രീതിയിൽ ഇരു വിഭാഗങ്ങളും തമ്മിലുള്ള സഹകരണ ഏകോപന മെക്കാനിസങ്ങൾ ശക്തിപ്പെടുത്തേണ്ട പ്രാധാന്യം സൂചിപ്പിച്ചു കൊണ്ട്, പ്രാദേശികവും അന്തർദേശീയവുമായ നിലയിൽ ഇരു വിഭാഗങ്ങൾക്കും പരിഗണനയുള്ള വിഷയങ്ങൾ അവർ ചർച്ച ചെയ്തു. ഇത് സംബന്ധിച്ച്, പലസ്തീനിയൻ പ്രശ്നം, സിറിയ, ലിബിയ, യമൻ എന്നിവിടങ്ങളിലെ പ്രതിസന്ധികൾ എന്നിവയുൾപ്പെടെ മധ്യ ഏഷ്യയിലുള്ള പ്രതിസന്ധികൾക്കും പ്രാദേശിക പ്രശ്നങ്ങൾക്കും, ഉചിതമായ അന്തർദേശീയ നയതന്ത്ര നിർണയങ്ങൾ, ഉടമ്പടികൾ, അടിസ്ഥാനങ്ങൾ എന്നിവയ്ക്കനുസൃതമായ രാഷ്ട്രീയ തീരുമാനമാണ് ആവശ്യമാണെന്നും അവർ ആവർത്തിച്ചു, കൂടാതെ തീവ്രവാദത്തെ പ്രതിരോധിക്കുന്നതിനും അന്തർദേശീയ നയങ്ങൾക്കനുസൃതമായ നാവിക സ്വാതന്ത്ര്യവും നാവിക സുരക്ഷയും ഉറപ്പു വരുത്തുന്നതിനായി സഹകരണത്തിന്റെ ആവശ്യകതയും അവർ അടിവരയിട്ട് പ്രസ്താവിച്ചു.

4. കോവിഡ് -19 പകർച്ചവ്യാധിയെത്തുടർന്ന് ലോകം നേരിടേണ്ടിവന്ന പ്രത്യേക സാഹചര്യങ്ങളും മുൻപില്ലാത്ത തരത്തിലുള്ള പ്രതിസന്ധികളും കൂടാതെ പകർച്ചവ്യാധിയുടെ പ്രത്യാഘാതങ്ങളെ മറികടക്കുന്നതിന് പ്രതിസന്ധികളും സംഘർഷങ്ങളുമുള്ള മേഖലകളിലടക്കം പ്രാദേശികവും അന്ത്രദേശീയവുമായ സഹകരണം മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും അവർ ഊന്നിപ്പറഞ്ഞു. ഈ

സാഹചര്യത്തിൽ, രോഗനിർണയം ചികിത്സ എന്നീ മേഖലകളിൽ നിലനിന്നു വരുന്ന കൂട്ടായ പ്രവർത്തനത്തെ കുറിച്ച് അവർ ചർച്ച ചെയ്യുകയും കോവിഡിന് ശേഷമുള്ള സാമ്പത്തിക തിരിച്ചുവരവിനായുള്ള അതതു രാഷ്ട്രങ്ങളുടെ സമീപനത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ പങ്കുവയ്ക്കുകയും ചെയ്തു.

5. ഇരു വിഭാഗങ്ങൾക്കും ആശങ്കയുള്ള പ്രാദേശിക വിഷയങ്ങളിൽ ഉൾപ്പടെ അന്താരാഷ്ട്ര വേദിയിലുള്ള ഇന്ത്യയുടെ പ്രധാന ചുമതലകൾ പ്രതീക്ഷിച്ചുകൊണ്ട്, ഐക്യരാഷ്ട്ര സഭ സുരക്ഷാ കൗൺസിലിൽ 2 വർഷ കാലാവധിയിൽ (2021-2022) അസ്ഥിര അംഗത്വം നേടിയതിനു അറബ് വിഭാഗം ഇന്ത്യൻ റിപ്പബ്ലിക്കിനെ അഭിനന്ദിച്ചു.

6. അറബ് -ഇന്ത്യ കോപ്പറേഷൻ ഫോറത്തിന്റെ ഘടനയ്ക്കുള്ളിൽ നിന്ന് കൊണ്ട് താഴെ പറയുന്ന മേഖലകളിലെ സഹകരണം മെച്ചപ്പെടുത്തുന്നതിനുള്ള മാർഗങ്ങൾ ഉന്നതതല ഉദ്യോഗസ്ഥർ ചർച്ച ചെയ്തു:

- o സാമ്പത്തികം, വ്യവസായികം കൂടാതെ നിക്ഷേപം
- o ഊർജവും പരിസ്ഥിതിയും
- o കാർഷികവും ഭക്ഷ്യ സുരക്ഷയും
- o വിനോദസഞ്ചാരവും സാംസ്കാരികതയും
- o മാനവ വിഭവ ശേഷി വികസനം
- o വിദ്യാഭ്യാസവും ആരോഗ്യ പരിചരണവും
- o ശാസ്ത്രവും സാങ്കേതികവിദ്യയും കൂടാതെ
- o മാധ്യമരംഗം

7. അറബ് ഇന്ത്യ സാംസ്കാരികോതസവത്തിന്റെ 3 മത് സെഷൻ, ഊർജ മേഖലയിൽ അറബ് ഇന്ത്യ സഹകരണത്തിന്റെ പൊതുചർച്ചകൾ, ആദ്യ അറബ് -ഇന്ത്യ യൂണിവേഴ്സിറ്റി പ്രസിഡന്റുമാരുടെ കോൺഫറൻസ്, മാധ്യമ മേഖലയിൽ അറബ് -ഇന്ത്യ സഹകരണത്തെ സംബന്ധിച്ചുള്ള 2 മത് പൊതുചർച്ച, 6 മത് അറബ് ഇന്ത്യ പാർട്ണർഷിപ്പ് കോൺഫറൻസ്സ് സെഷൻ എന്നിങ്ങനെയുള്ള ഫോറത്തിന് കീഴിലുള്ള കൂട്ടായ പ്രവർത്തനങ്ങൾ നേരത്തെ തന്നെ തീരുമാനിക്കുന്നതിനും അവർ അംഗീകരിച്ചു.

8. ഇരു വിഭാഗങ്ങൾക്കും സൗകര്യപ്രദമായ തിയ്യതിയിൽ അറബ് -ഇന്ത്യ കോപ്പറേഷൻ ഫോറത്തിന്റെ 2 മത് മന്ത്രിതല സമ്മേളനം നടത്തുന്നതിനും അവർ പ്രതീക്ഷിക്കുന്നുണ്ട്.

**ന്യൂ ഡൽഹി**
**12 ജനുവരി, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.